പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2857

13-03-2018-ലെ

മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പുതിയ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ. എൻ. ഷംസീർ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഊന്നൽ കൊടുക്കുന്ന പുതിയ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിൽ ഉണ്ടോ ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ? | 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ താഴെ പറയുന്ന പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1. 2017 ചിങ്ങം 1 ഒന്നു മുതൽ 2018 ചിങ്ങം 1 വരെ നാളികേര വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി തെങ്ങുകൃഷിയുടെ പുനരുജ്ജീവനത്തിനാവശ്യമായ നൂതന പദ്ധതികൾ.<br>2. ജൈവകൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫാം സ്കൂളുകൾ സംഘടിപ്പിച്ച് പരിശീലന പരിപാടി കൃഷി വിജ്ഞാന വ്യാപന പദ്ധതി, മാതൃകാ ഫാമുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ മേൽ നോട്ടത്തിൽ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.<br>3. ബ്ലോക്കുതലത്തിൽ ജൈവനിയന്ത്രണോപാധികളുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനായി പുതിയ ബയോ കൺട്രോൾ ലാബുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br>4. ആത്മ, ആത്മ പ്ലസ് തുടങ്ങിയ പദ്ധതികളുടെ ഘടകങ്ങൾ, സമൂഹ മാദ്ധ്യമങ്ങളുടെ സാദ്ധ്യതകൾ, കർഷകരുടെ പ്രായോഗിക അനുഭവങ്ങളുടെ കണ്ടെത്തലുകൾ തുടങ്ങിയവ സംയോജിപ്പിച്ചുകൊണ്ട് കേരള ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട്.<br>5. വ്യാവസായികാടിസ്ഥാനത്തിൽ ഉഴുന്നതിനും, വാരം കോരുന്നതിനും, വളം ഇടുന്നതിനും, നേഴ്സറി ട്രേ നിറക്കുന്നതിനും, നടുന്നതിനും, നനയ്ക്കുന്നതിനും എല്ലാം യന്ത്രങ്ങൾ ഉപയോഗിച്ച് വ്യാവസായികാ |

ടിസ്ഥാനത്തിലുള്ള നൂതന കൃഷി സമ്പ്രദായവും വലിയതോതിൽ മുതൽ മുടക്കി നടപ്പിലാക്കുന്നവർക്കായി സബ്സിഡി സ്കീം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും വിഭാവനം ചെയ്യുന്നു.

6. വിളകളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന പ്രത്യേക കാർഷികമേഖലാ പദ്ധതി : സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുവാനും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

7. വിദൂരത്തിലുള്ള വിദഗ്ധരുടെ പരിശീലനക്ലാസുകൾ ലഭ്യമാക്കുന്നതരത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങളെയും, SAMETI-യെയും മറ്റ് ഗവേഷണസ്ഥാപനങ്ങളുമായി ഓൺലൈനിൽ കോർത്തിണക്കി വെർച്വൽ ക്ലാസ് റൂം സംവിധാനം.

8. കേരളത്തിൽ പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ഒരുക്കുന്നതിന്റെ ഭാഗമായി പുതിയ അഗ്രോ സൂപ്പർ ബസാർ.

9. കർഷകക്കൂട്ടായ്മകളും കർഷക ഉത്പാദകസംഘങ്ങളും, കാർഷിക ഉത്പാദന,സംസ്കരണ വിപണന മേഖലകളിൽ നൂതന സാങ്കേതിക വിദ്യ, നൂതന യന്ത്രോപകരണങ്ങൾ എന്നിവയുടെ സഹായത്തോടെ ഏറ്റെടുക്കുന്ന പുതുമയുള്ള പ്രോജക്ടുകൾക്ക് വായ്പാ ബന്ധിത സബ്സിഡി നൽകുന്നതിനുള്ള പദ്ധതി. ഇത്തരം സംരംഭങ്ങൾക്ക് 25% സബ്സിഡി നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെ ബാക്ക് എന്റഡ് സബ്സിഡിയായി നൽകുവാൻ ഉദ്ദേശിക്കുന്നു.

10. പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ ബയോഗ്യാസ് പ്ലാന്റുകളുടെ അധിക വ്യാപനം.

സെക്ഷൻ ഓഫീസർ